ചാവക്കാട് നഗരസഭയിലെ മത്തിക്കായൽ മുട്ടിൽ പാടശേഖരത്തിലെ ജലലഭ്യത ഉറപ്പുവരുത്തൽ

132 (7429) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാവക്കാട് നഗരസഭയിലെ മത്തിക്കായൽ മുട്ടിൽ പാടശേഖരത്തിലെ ജലലഭ്യത ഉറപ്പ് വരുത്തുന്ന നടുത്തോട് ആഴം കൂട്ടി പാർശ്വഭിത്തിക്കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പ്രദേശത്തെ നെൽകർഷകർ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിച്ച് പ്രദേശത്തെ നെൽകർഷകർക്ക് ആശ്വാസമേകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇറിഗേഷൻ വകുപ്പ് തുടങ്ങിവച്ച പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് പാടശേഖരത്തിലെ ജലലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

കായംകുളം മണ്ഡലത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

133 (7430) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് ഇപ്പോൾ എന്തെല്ലാം കേന്ദ്രാവിഷ്കൃത പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) കായംകുളം മണ്ഡലത്തിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നഗരസഭ, പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ബയോഗ്യാസ് വികസന പദ്ധതി
2. കണിക ജലസേചനം
3. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ വഴി ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ
4. ഓണാട്ടുകര വികസന ഏജൻസി വഴി ആർ.കെ.വി.വൈ. പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

(ബി) കായംകുളം മണ്ഡലത്തിൽ കൃഷിവകുപ്പുമായി ബന്ധപ്പെട്ട് നടത്തപ്പെടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നഗരസഭ, പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ താഴെ പറയുന്നു:

I ബയോഗ്യാസ് വികസന പദ്ധതി

(a) കായംകുളം മുനിസിപ്പാലിറ്റി	..	1
(b) കൃഷ്ണപുരം	..	1
(c) കല്ലൂർ	..	1
(d) ചെട്ടിക്കുളങ്ങര	..	1

II കണിക ജലസേചനം - കർഷകരുടെ ആവശ്യം അനുസരിച്ച്.

III ഹോർട്ടിക്കൾച്ചർ മിഷൻ പ്രോജക്ട്.

1. വാഴക്കൃഷി വികസനം

(a) കായംകുളം	..	3.5 ഹെക്ടർ
(b) കല്ലൂർ	..	1 "

2. പുഷ്പകൃഷി

(a) കൃഷ്ണപുരം	..	0.5 "
(b) ദേവികുളങ്ങര	..	0.5 "
(c) പത്തിയൂർ	..	0.5 "

3. മണ്ണിര കമ്പോസ്റ്റ്

കൃഷ്ണപുരം	..	1 യൂണിറ്റ്

4. കാർഷിക യന്ത്രവത്ക്കരണം

ദേവികുളങ്ങര	..	1 "

5. വെറ്റിലക്കൊടി വിതരണം

(a) കൃഷ്ണപുരം	..	3 ഹെക്ടർ
(b) ദേവികുളങ്ങര	..	0.5 "
(c) പത്തിയൂർ	..	0.5 "
(d) കായംകുളം	..	1 "

LIBRARY ARCHIVES Kerala Legislative Assembly

6. ആത്മാ പദ്ധതി

കാർഷിക പരിശീലന പരിപാടി

ഫാം ഫീൽഡ് സ്കൂൾ

IV ആർ.കെ.വി.വൈ.

(a) ചെട്ടിക്കുളങ്ങര - സുസ്ഥിര നെൽകൃഷി വികസന പദ്ധതി
75 ഹെക്ടർ

ഓണാട്ടുകര വികസന ഏജൻസി പദ്ധതി

(b) ദേവികുളങ്ങര - 1.24 കോടി

കല്ലൂർ - 1.10 കോടി

എൻ.എച്ച്.എം. പദ്ധതി (ചെട്ടികുളങ്ങര)

വാഴകൃഷി (വിസ്തൃതി വ്യാപനം) - 2 ഹെക്ടർ

ജാതികൃഷി (വിസ്തൃതി വ്യാപനം) - 1 ഹെക്ടർ

പപ്പായ (വിസ്തൃതി വ്യാപനം) - 0.5 ഹെക്ടർ

ടിഷ്യുകൾച്ചർ (വിസ്തൃതി വ്യാപനം) - 1 ഹെക്ടർ

ഇഞ്ചി/മഞ്ഞൾ (വിസ്തൃതി വ്യാപനം) - 1 ഹെക്ടർ

കുരുമുളക് (വിസ്തൃതി വ്യാപനം) - 1 ഹെക്ടർ

വെറ്റിലകൃഷി (വിസ്തൃതി വ്യാപനം) - 0.5 ഹെക്ടർ

വെർമി കമ്പോസ്റ്റ് - 0.5 ഹെക്ടർ

യന്ത്രവൽക്കരണം < 20 എച്ച്.പി. & >20 എച്ച്.പി.

സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി

134 (7431) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ കൃഷികളേയും ഉൾപ്പെടുത്തിക്കൊണ്ടും വിള ഇൻഷ്വറൻസും പെൻഷൻ ആനുകൂല്യങ്ങളും കൂട്ടിച്ചേർത്തുകൊണ്ടും സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപനം നടത്തിയത് ഏത് വർഷത്തിലായിരുന്നു ; ഫലത്തിൽ നടപ്പിലായിട്ടുള്ളത് എന്ന് മുതലാണ് ;

LIBRARY ARCHIVES Kerala Legislative Assembly